**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 808** **06-02-2023 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കൊടുവള്ളി നിയോജക മണ്ഡലത്തിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പന്നിയങ്കാട്ട് പുറായിൽ പട്ടികജാതി കോളനി, കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ അംബേദ്കർ പട്ടികജാതി കോളനി എന്നിവ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പദ്ധതി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത കോളനികളിലെ നിർവഹണ ഏജൻസിയെ മാറ്റുന്ന വിഷയം വകുപ്പ് ഡയറക്ടറേറ്റിൽ Dev C1-12395/21 നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പദ്ധതി നിർവഹണം സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട് |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നമ്പർ ഏതാണെന്ന് അറിയിക്കുമോ; പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത കോളനികളിലെ നിർവഹണ ഏജൻസിയെ മാറ്റുന്ന വിഷയം വകുപ്പ് ഡയറക്ടറേറ്റിൽ Dev C1-12395/21 നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പദ്ധതി നിർവഹണം സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട് |

സെക്ഷൻ ഓഫീസർ